(ബി) ചാലക്കുടി-ആനമല റോഡിൽ നിന്നും 6 കി.മീ. വനാന്തർഭാഗത്തായി നിർമ്മിക്കേണ്ട പ്രസ്തുത അടിച്ചിൽതൊട്ടി കോളനി റോഡിന്റെ നിർമ്മാണം ആരംഭിക്കുന്നതിനായി സാങ്കേതികാനുമതി ലഭ്യമാക്കാൻ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അതിരപ്പിള്ളി പഞ്ചായത്തിലെ പത്തടിപ്പാലം-അടിച്ചിൽതൊട്ടി റോഡ്, പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റിന് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

മൂലക്കീൽക്കടവ് പാലം

282 (4033). ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ മാടായി ഗ്രാമപഞ്ചായത്തിനെയും പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിനെയും തമ്മിൽ ബന്ധിപ്പിക്കുന്ന മൂലക്കീൽക്കടവ് പാലത്തിന് സ്ഥലം ലഭ്യമാക്കിയിട്ടും ഭരണാനുമതിയ്ക്കായി എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടതെന്തുകൊണ്ടെന്ന് അറിയിക്കാമോ ;

(ബി). പാലത്തിന്റെ ഡിസൈൻ മാറ്റണമെന്ന് ആവശ്യപ്പെട്ട് ഇൻലാൻഡ് നാവിഗേഷന്റെ കത്ത് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് ലഭിച്ചത് എന്നാണ് ;

(സി) കത്ത് കിട്ടി രണ്ട് വർഷമായിട്ടും ഡിസൈൻ തയ്യാറാക്കുന്നതിലുള്ള കാലതാമസം എന്താണെന്ന് അറിയിക്കുമോ ;

(ഡി) പുതുക്കിയ ഡിസൈൻ എപ്പോഴേക്ക് തയ്യാറാക്കാൻ കഴിയുമെന്നും വിശദമായ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി എപ്പോൾ സമർപ്പിക്കാൻ കഴിയുമെന്നും അറിയിക്കുമോ ?

ഉത്തരം

(എ) വിശദമായ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയാക്കി ഡിസൈൻ തയ്യാറാക്കി വന്നതിനാലാണ് എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് കാലതാമസം നേരിട്ടിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് 26-9-2013-ൽ കത്ത് ലഭിച്ചിട്ടുണ്ട്.

(സി&ഡി) കത്തിന്റെ അടിസ്ഥാനത്തിൽ പാലത്തിന്റെ അംഗീകരിച്ച ഡിസൈൻ മാറ്റി ഡിസൈൻ ചെയ്യേണ്ടതായിട്ടുണ്ട്. പുതുക്കിയ ഡിസൈൻ തയ്യാറാക്കി എത്രയും വേഗം ഭരണാനുമതി നൽകുന്നതാണ്.

സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരമുള്ള കേന്ദ്ര സർക്കാർ വിഹിത വിനിയോഗം

283 (T 4034) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഡീസൽ സെസ്സിന്റെ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ ഓരോ വർഷവും ലഭിച്ച തുക എത്ര എന്നും ഇതിൽ ഗ്രാമീണ റോഡ് വികസനത്തിന് എത്ര തുക ഓരോ വർഷവും ചെലവാക്കി എന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വകുപ്പ് പ്രകാരം ദേശീയപാതാവികസനം, തീവണ്ടിപ്പാതയുടെ മുകളിലോ കീഴിലോ ഉള്ള റോഡുകൾ, ദേശീയപാതയൊഴികെയുള്ള റോഡുകൾ, അന്തർ സംസ്ഥാന റോഡ് പദ്ധതികൾ, കേന്ദ്ര സർക്കാർ നിർദ്ദേശപ്രകാരം ഉപയോഗിക്കേണ്ട റിസർവ് ഫണ്ട് എന്നിവയ്ക്കായി ഓരോ വർഷവും ഈ സർക്കാർ കാലയളവിൽ എത്ര തുക ലഭിച്ചുവെന്നും എത്ര തുക ചെലവാക്കിയെന്നും ഇനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(സി) മേൽ പരാമർശിച്ച വിഭാഗങ്ങളിൽ നടപ്പുവർഷം ലഭിച്ച തുക എത്രയെന്നും നാളിതുവരെ ചെലവാക്കിയ തുക എത്രയെന്നും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സെൻട്രൽ റോഡ് ഫണ്ട് ആക്ട് 2000 പ്രകാരം സംസ്ഥാനത്തിന് ലഭിക്കേണ്ട ഡീസൽ സെസ്സിന്റെ 50 ശതമാനം ഗ്രാമീണ റോഡ് വികസനത്തിനായി ഉപയോഗിക്കണമെന്ന നിബന്ധന പ്രകാരം ഈ സർക്കാർ കാലയളവിൽ പൊതുമരാമത്ത് ദേശീയപാതാ വിഭാഗത്തിന് ഗ്രാമീണ റോഡു വികസനത്തിന് തുകയൊന്നും ലഭിച്ചിട്ടില്ല.

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly